## 13-ാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം:6649** — **09..07.2014-ൽ മറുപടിയ്ക്ക്**

### അത്താണി സിൽക്ക് പൊതുമേഖലാസ്ഥാപനത്തിൽ ശമ്പള പരിഷ്കരണം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ബാബു എം.പാലിശ്ശേരി** | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)** |
| (എ) തൃശ്ശൂർ ജില്ലയിലെ അത്താണി സിൽക്ക്(SILK) പൊതുമേഖലാ സ്ഥാപനത്തിൽ ഓഫീസർ കേഡറിൽ ജോലി ചെയ്യുന്നവരുടെ ശമ്പളം പരിഷ്കരിച്ചു നൽകിയത് 14 വർഷത്തിനുള്ളിൽ ഒരു തവണ മാത്രമാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഇവിടത്തെ പല ഓഫീസർമാരുടേയും ശമ്പളം താഴെക്കിടയിലുള്ള തസ്തികകളിൽ ജോലി ചെയ്യുന്നവരുടെ ശമ്പളത്തേക്കാൾ കുറവാണ് എന്നത് കണക്കിലെടുത്ത് ഓഫീസർ തസ്തികയിലുള്ളവരുടെ ശമ്പളം കാലാനുസൃതമായി പുതുക്കി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) 05.07.2013 ലെ ജി.ഒ (എം.എസ്) 74/13/ID നമ്പർ ഉത്തരവ് പ്രകാരം സിൽക്കിൽ ശമ്പള പരിഷ്കരണം നടപ്പാക്കിയതിനു ശേഷം ചില ഓഫീസർമാരുടെ ശമ്പളം താഴേക്കിടയിലുള്ള തസ്തികകളിൽ ജോലി ചെയ്യുന്നവരുടെ ശമ്പളത്തേക്കാൾ കുറവാണ് എന്ന സ്ഥിതി മാറിയിട്ടുണ്ട്. |
| (സി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ? | (സി) ബാധകമല്ല. |

Hanu

സെക്ഷൻ ഓഫീസർ